**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സ്കൂളുകളിൽ കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ കായിക പ്രതിഭകൾ വളരെ കൂടുതലുള്ളത് പരിഗണിച്ച് കുട്ടനാട്ടിലെ എല്ലാ സ്കൂളുകളിലും കളിക്കളം നിർമിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; | (എ) | കുട്ടനാട്ടിൽ നിരവധി കായിക പ്രതിഭകൾ ഉണ്ട് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളകാര്യമാണ്. പുതിയ കായിക താരങ്ങളെ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും ഗ്രാമീണ തലത്തിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ അസംബ്ളി നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന രീതിയിൽ 111 കളിക്കളങ്ങളുടെ ലിസ്റ്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിൽ സ്കൂൾ ഗ്രൗണ്ടുകളുടെ വികസനവും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. |
| (ബി) | കനോയിംഗ്, കയാക്കിംഗ് ഇനങ്ങൾക്ക് അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനും അതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കുട്ടനാട്ടിൽ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കനോയിംങ് കയാക്കിംങ് ഇനത്തിന് കുട്ടനാട്ടിൽ അനന്തമായ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ആലപ്പുഴയിൽ ഒരു റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ആലപ്പുഴ ജില്ലാ സ്പോർട്സ് അക്കാഡമിയുടെ നിയന്ത്രണത്തിൽ ആലപ്പുഴ പുന്നമടയിൽ കനോയിംഗ് & കയാക്കിംഗ് ഇനത്തിൽ കായികതാരങ്ങൾക്ക് പരിശീലനം നൽകി വരുന്നുണ്ട്.<br><br>പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ കുട്ടനാട്ടിൽ SAIയുടെ നേതൃത്വത്തിൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ